ഉത്തരം

(എ) ഇപ്രകാരം ഒരു പരാതി ലഭിച്ചതായി കാണുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മൂവാറ്റുപുഴ പോലീസ് ചാർജ് ചെയ്ത കേസ്

779. ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മൂവാറ്റുപുഴ പോലീസ് 81/85 ആയി ചാർജ് ചെയ്തിരുന്ന കേസിൽ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തോ ; എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

ഈ കേസിൽ പ്രതികളൊന്നും ഇല്ല. അന്വേഷണത്തിൽ രോഗംമൂലമുള്ള മരണമാണെന്നാണ് അറിയാൻ കഴിഞ്ഞത്.

മണിയൻ മരണമടഞ്ഞ സംഭവം സംബന്ധിച്ച് അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട്

780. ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 28-11-1985-ന് ബാലരാമപുരം പോലീസ് സ്റ്റേഷനിൽവച്ച് മണിയൻ മരണമടഞ്ഞ സംഭവം സംബന്ധിച്ച് അന്വേഷണം വല്ലതും ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്താണെന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മണിയൻ മരണമടഞ്ഞ സംഭവത്തെപ്പറ്റി പോലീസ് അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) അന്വേഷണകമ്മീഷനെ നിയമിച്ചിട്ടില്ല.

(സി, ഡി) അന്വേഷണത്തിൽ കുറ്റക്കാരാണെന്നു കണ്ട പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ ക്രൈംബ്രാഞ്ച് പോലീസ് ഒരു കേസ്സ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly